**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1326** **04.02.2019 ൽ മറുപടിയ്ക്ക്**

**തലനാട്, തിക്കോയി പഞ്ചായത്തുകളിൽ താമസിക്കുന്നവർക്ക് പട്ടയം**

**ചോദ്യം**
**ശ്രീ.പി.സി. ജോർജ്**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽപ്പെട്ട പൂഞ്ഞാർ വടക്കേകര വില്ലേജിൽ തലനാട്, തിക്കോയി പഞ്ചായത്തുകളിൽ താമസിക്കുന്നവർക്ക് നാളിതുവരെ പട്ടയം ലഭ്യമാക്കിയിട്ടില്ലാത്തത് സംബന്ധിച്ച് റവന്യൂ മന്ത്രിക്ക് എം.എൽ.എ. നൽകിയ കത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ)യും (ബി)യും മീനച്ചിൽ താലൂക്കിൽ തലനാട് വില്ലേജിൽ ബ്ലോക്ക് 59 ൽ സർവ്വേ 555 ൽ പെട്ട അപേക്ഷാ സ്ഥലത്തിന് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് താലൂക്ക് സർവ്വേയർ മുഖേന സ്ഥല പരിശോധന നടത്തി അതിർത്തി പുനർ നിർണ്ണയം നടത്തിയതിൽ ടി അപേക്ഷാ സ്ഥലം പൂർണ്ണമായും ആറ്റു പുറമ്പോക്കിൽ ഉൾപ്പെട്ട് വരുന്നു. നിലവിലുള്ള കേരളാ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ആറ്റു പുറമ്പോക്കിൽ ഉൾപ്പെട്ട സ്ഥലങ്ങൾ പതിച്ച് നൽകുന്നതിന് നിർവ്വാഹമില്ലാത്തതാണ്. |
| (ബി) | പ്രസ്തുത പ്രദേശവാസികൾക്ക് പട്ടയം ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നത് എന്ത് കൊണ്ടാണ്; വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ